# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

**നോൺ ഗസറ്റഡ് ഓഫീസർമാരുടെ 2017 ലെ പൊതുസ്ഥലംമാറ്റം - പ്യൂൺ - അപ്പീൽ അപേക്ഷ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**നടപടി ഉത്തരവ് നമ്പർ ആർഒസി. 9806/17/എസ്റ്റാ-2 തിരുവനന്തപുരം, തീയതി: 28/07/2017**

---

പരാമർശം:- 1. ദേവസ്വം കമ്മീഷണറുടെ 15.06.2017 ലെ ആർ.ഒ.സി.90/17/എസ്റ്റാ-ബി നമ്പർ പ്രൊസീഡിംഗ്സ്.

2. ദേവസ്വം കമ്മീഷണറുടെ 30.06.2017 ലെ ആർ.ഒ.സി.90/17/എസ്റ്റാ-ബി നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

പ്യൂൺ തസ്തികയിലുള്ള ജീവനക്കാരുടെ 2017 ലെ പൊതുസ്ഥലം മാറ്റത്തിനെതിരെയുള്ള അപ്പീൽ അപേക്ഷകൾ ചുവടെ വിവരിക്കും പ്രകാരം തീർപ്പാക്കി ഉത്തരവാകുന്നു.

1. **ശ്രീ.എസ്.രവികുമാർ, പ്യൂൺ, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ഓഫീസ്, കൊട്ടാരക്കര**

ടിയാനെ പൊതുസ്ഥലം മാറ്റത്തിൽ തിരുവല്ല അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസിലേക്ക് സ്ഥലംമാറ്റിയിട്ടുള്ളതായും പെൻഷനാകാൻ ഒരു വർഷം മാത്രം സർവ്വീസ് ബാക്കിയുള്ളതിനാൽ നിലവിൽ ജോലി നോക്കുന്നിടത്ത് തന്നെ തുടരാൻ അനുവദിക്കണമെന്നാണ് അപ്പീൽ ആവശ്യം.

അപ്പീൽ അപേക്ഷ പരിഗണിച്ച് ശ്രീ.എസ്.രവികുമാറിനെ കൊട്ടാരക്കര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറാഫീസിൽ ജോലിയിൽ തുടരുന്നതിന് അനുവദിക്കുന്നു.

2. **ശ്രീ.ആർ.രാജീവ്, പ്യൂൺ ശബരിമല എക്സിക്യൂട്ടീവ് ഓഫീസ്**

പൊതുസ്ഥലംമാറ്റത്തിൽ ടിയാനെ ദേവസ്വം കമ്മീഷണറാഫീസിലേയ്ക്ക് സ്ഥലംമാറ്റിയിട്ടുള്ളതായും, ടിയാൻ ശബരിമലയിൽ 2 വർഷം പൂർത്തിയാക്കിയിട്ടില്ലായെന്നും, ആകയാൽ ശബരിമല എക്സിക്യൂട്ടീവ് ആഫീസിൽ തുടരാൻ അനുവദിക്കണമെന്നാണ് അപ്പീൽ ആവശ്യം.

ശ്രീ.ആർ.രാജീവ് ശബരിമല എക്സിക്യൂട്ടീവ് ആഫീസിൽ 02/2015 മുതൽ ജോലി നോക്കി വരുന്നു. സ്ഥലംമാറ്റമാനദണ്ഡ പ്രകാരം നോൺഗസറ്റഡ് ഉദ്യോഗസ്ഥർക്ക് ശബരിമലയിൽ അനുവദിച്ചിട്ടുള്ള

തുടരെയുള്ള സേവന കാലാവധി 2 വർഷമാണ്. ടിയാൻ ശബരിമലയിൽ 2 വർഷ പൂർത്തിയാക്കിയിട്ടുണ്ട്. അപ്പീൽ അപേക്ഷയിലെ ആവശ്യം നിരസിക്കുന്നു.

ഈ ഉത്തരവിലെ മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തി പ്യൂൺ തസ്തികയിലെ ജീവനക്കാരുടെ 2017 ലെ പൊതുസ്ഥലംമാറ്റങ്ങൾ അടിയന്തിരത്തിൽ നടപ്പിൽ വരുത്തുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തി ബോർഡുത്തരവായിരിക്കുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിന് വേണ്ടി,

Jayasree. S

സെക്രട്ടറി

വിവരമറിവാനും വേണ്ടുന്ന മേൽ നടപടി സ്വീകരിക്കുന്നതിനുമായി പകർപ്പ്:-

1) ദേവസ്വം കമ്മീഷണർ
2) ഇ.ഡി.പി. സെക്ഷൻ
3) സെക്ഷൻ ഫയൽ
4) ഫെയർ ഓഫീസ് കോപ്പി
5) ഫയൽ ബുക്ക്